(ബി) 1300 റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത്.

(സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വർഗ്ഗീയ സംഘർഷം

12 (*12) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വർഗീയസംഘർഷത്തിലേക്ക് നീക്കിക്കൊണ്ടിരിക്കുന്നുണ്ടോ ; എങ്കിൽ ഈ ശക്തികൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) മതങ്ങളേയും ജാതികളെയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരൻമാർക്ക് ഭരണഘടന നൽകുന്ന സ്വതന്ത്ര്യത്തിനു തടസ്സം നിൽക്കുകയും ചിലത് അടിച്ചേൽപ്പിക്കുയും ചെയ്യുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഇത്തരത്തിൽ ചിന്തിക്കേണ്ട യാതൊരു സാഹചര്യവും സംസ്ഥാനത്തില്ല.

(ബി) മതങ്ങളേയും ജാതികളേയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരന്മാർക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കുന്ന സാഹചര്യം കേരളത്തിലില്ല. അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്താൽ പോലീസ് ജാഗ്രത പാലിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly